ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മയുടെ ശക്തിസ്രോതസ് അതിന്റെ കെട്ടുറപ്പിന്റെ പശിമയിലൂടെ ശിരസ്സുയർത്തിയ സാഹോദര്യവും ലാളിത്യവുമാണെന്ന കാര്യം അടിവരയിട്ടുകൊണ്ട് ഈയാഴ്ചയുടെ ദളം വിടരുന്നു.

ഇക്കഴിഞ്ഞ ദിവസം നടന്ന തൃശൂർ - പാലക്കാട് ടീ ബി ചാപ്റ്റർ മീറ്റിനുശേഷം ഇതൾ വിടരുന്ന ദളമെന്ന സവിശേഷതയും ചേർന്ന് ടിബിയുടെ ആശയങ്ങളെ ഉയരങ്ങളിലേക്ക് നയിക്കുന്നു ഈ ദളം. സഹർഷം....

ശ്രേയസ് ദാമോദരൻ,
സോണൽ നോഡൽ ഓഫീസർ,
സി. എസ്. ബി ബാങ്ക്, ഹെഡ് ഓഫീസ്, തൃശൂർ.

മുംബൈയിൽ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന തലശ്ശേരി സ്വദേശി പരേതനായ സി.പി.ദാമോദരൻ നായരുടേയും വീട്ടമ്മയായ ശ്രീമതി രേണുകയുടേയും രണ്ടു മക്കളിൽ രണ്ടാമനായി മുംബൈയിൽ ജനിച്ചു. മൂത്ത സഹോദരി ശ്രുതിയും കുടുംബവും തലശേരിയിൽ താമസിക്കുന്നു. ശ്രേയസിന്റെ നാലാം ഗ്രേഡ് വരെയുള്ള പഠനം മുംബൈയിലായിരുന്നു. കുട്ടികളുടെ പഠനം ജന്മനാട്ടിലാകണമെന്ന പിതാവിന്റെ ആഗ്രഹപ്രകാരം തുടർപഠനം തലശ്ശേരിയിലായി. അഞ്ചാം ക്ലാസ് മുതൽ പ്ലസ്ടു വരെ തലശ്ശേരി സർക്കാർ ബ്രണ്ണൻ ഹയർ സെക്കണ്ടറി സ്കൂളിലും തുടർന്ന് സർക്കാർ ബ്രണ്ണൻ കോളേജിലുമായി തെളിവാർന്ന വിദ്യാർത്ഥി ജീവിതം. 2006 ൽ ഊർജതന്ത്രത്തിൽ ബിരുദം നേടി.

പിതാവിന്റെ ആകസ്മിക നിര്യാണവും ഇതേ വർഷമായിരുന്നു. ബിരുദം നേടിയ ശേഷം ഐസിഐസിഐ പ്രൂഡൻഷ്യൽ, ബിർള സൺലൈഫ് ഇൻഷുറൻസ് എന്നീ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചു വരുമ്പോൾ തൃശൂർ ആസ്ഥാനമായ കാത്തലിക്ക് സിറിയൻ ബാങ്കിൽ പ്രൊബേഷണറി ഓഫീസറായി നിയമനം ലഭിച്ചു. സി എസ്.ബി യുടെ വടകര, കല്പകഞ്ചേരി, കല്യാശേരി കാഞ്ഞങ്ങാട്, മൈസൂർ മെയിൻ, ബാംഗ്ളൂർ സിറ്റി ബ്രാഞ്ചുകളിലെ സേവന ശേഷം വിവിധ തെന്നിന്ത്യൻ സംസ്ഥാനങ്ങളുടെ സോണൽ നോഡൽ ഓഫീസർ ആയി ജോലി നോക്കി. ഈ കഴിഞ്ഞ നവംബർ മുതൽ തൃശൂർ ഹെഡ്ഓഫീസിൽ വടക്കൻ കേരള സോണുകളുടെ നോഡൽ ഓഫീസറായി പ്രവർത്തിക്കുന്നു.

ടീബിയും ശ്രേയസ്സും കൂടി ചേരുന്ന അനർഘനിമിഷങ്ങളുടെ തുടക്കം കുറിക്കുന്നത് കോവിഡ്-19 കാലത്താണ്. ട്രോൾ ഗ്രൂപ്പിൽ മികച്ച ചില

ട്രോളുകളിട്ട ശ്രേയസ് സഹൃദയ ശ്രദ്ധയേറെ നേടി. അതിലൂടെ സമ്പന്നമായ ഒരു സുഹൃത് വലയത്തിനുടമയായിമാറുകയായിരുന്നു താനെന്ന് ശ്രേയസ് അഭിമാനപൂർവം പറയുന്നു. 2023 ലെ കോഴിക്കോട് TB മീറ്റിൽ പങ്കെടുത്തതോടെ ടീബിയുടെ ഇഷ്ടതോഴനായി താനും സ്വയം പരുവപ്പെട്ടു. അവിടെ മെഗാഹിറ്റായി മാറിയ മെഗാസ്കിറ്റിൽ പങ്കെടുക്കാനും കഴിഞ്ഞു. കോട്ടയത്ത് 'ഇ.ഞ. പൊ' (ഇത് ഞങ്ങ പൊളിക്കും) എന്ന ഓഡിയൻസ് ചീയർ ഗ്രൂപ്പിന്റെ ഭാഗമായി അലിഞ്ഞുചേരുമ്പോൾ ടീബി പ്രദാനം ചെയ്യുന്ന ഊഷ്മള സാഹോദര്യത്തിന്റെ ആരാധകനായി താൻ മാറുകയായിരുന്നു.

കഴിഞ്ഞ തിരുവനന്തപുരം മീറ്റിൽ അവതരിപ്പിക്കപ്പെട്ട ഒരു മെഗാ നൃത്തത്തിൽ വേഷമിട്ടതും തന്നിലെ വിദ്യാർത്ഥി ജീവിത കാലത്തെ സർഗ്ഗവാസനകളെയും കൂട്ടായ്മകളുടെ മാസ്മരികതകളെയും വീണ്ടെടുക്കാൻ പ്രേരണ നല്കി. കാർട്ടൂൺ, പെൻസിൽ ചിത്ര രചനാ മത്സരങ്ങളിലെ കലാനിപുണതയേറിയ ആ കാലത്തെ തൊട്ടുണർത്തിയത് ടീ ബിയിലെ സ്നേഹ കൂട്ടായ്മയാണ്. എൻ.സി.സി യായിരുന്നു കോളേജുകാലത്തെ രൂപപ്പെടുത്തിയ പ്രധാന ഘടകം. ശ്രേയസ|ന്റെ വാക്കുകളിലൂടെ -

"വിവിധസ്ഥലങ്ങളിലെ വാസവും ജോലിയുടെ തിരക്കും കഴിഞ്ഞ് സ്ഥലം മാറ്റം ലഭിച്ചു നാട്ടിൽ തിരികെ എത്തി വീടൊക്കെ ഒന്ന് അടുക്കി പെറുക്കി വൃത്തിയാക്കി വയ്ക്കുമ്പോഴാണ് പണ്ട് സ്കൂൾ പഠനകാലത്ത് ചിത്രകല, കാർട്ടൂൺ രചന എന്നിവക്കു ലഭിച്ച സമ്മാനങ്ങൾ വീണ്ടും കാണുന്നത്. അന്ന് ലഭിച്ച സർട്ടിഫിക്കറ്റുകൾ കണ്ടപ്പോൾ വീണ്ടും വരയുടെ ലോകത്ത് സജീവം ആകാൻ തീരുമാനിച്ചു. വെറുതെ ഒരു രസത്തിന് സർട്ടിഫിക്കറ്റുകളുടെ ചിത്രങ്ങൾ അടുത്ത സുഹൃത്തുക്കൾ ഉൾപെടുന്ന വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ ഇട്ടപ്പോൾ അവരിൽ നിന്നും കർശനമായ നിർദേശം വന്നു. ദിവസവും ചിത്രകലാപരിശീലനം തുടരണം. ജീവിതത്തിൽ പലപ്പോഴും തുണയായി നിന്ന അടുത്ത സുഹൃത്തുക്കളുടെ വാക്കുകൾ തനിക്ക് ഒഴിവാക്കാൻ ആകില്ലായിരുന്നു.

ടീ ബി തൃശൂർ ചാപ്റ്ററിലെ അനുഗ്രഹീത ഫോട്ടോഗ്രഫി പ്രതിഭയായ മൃദുല മുരളി താൻ വരച്ച ചിത്രങ്ങൾ കണ്ട് നിരന്തര പ്രോത്സാഹനമേകി. പതിനെട്ടു വർഷത്തെ ഇടവേളയ്ക്ക് ശേഷം ഉള്ള തിരിച്ചു വരവായതു കൊണ്ട് എല്ലാം പൂർണം ആകും എന്ന് ഉറപ്പുമില്ല. കോവിഡ് കാലഘട്ടത്തിലെ TB സൗഹൃദങ്ങൾ അക്ഷരാർത്ഥത്തിൽ പൊയ്പ്പോയ കാലത്തെ തൊട്ടുണർത്തുകയായിരുന്നു.

നീണ്ട ഇടവേളക്കുശേഷം വരച്ച ചിത്രങ്ങൾ TB പ്ലാറ്റ് ഫോമിലിടുമ്പോൾ

നല്ല അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭിച്ചു. വരച്ച പടങ്ങൾ സോഷ്യൽ മീഡിയയിൽ ഇടുമ്പോൾ ആണ് അടുത്ത ബന്ധുക്കളും കൂട്ടുകാരും അറിയുന്നത് ഞാൻ വരയ്ക്കുമെന്ന കാര്യം. ഓരോ വട്ടം വരയ്ക്കാൻ ഉള്ള പടം തിരഞ്ഞെടുക്കുമ്പോഴും എന്തെങ്കിലും വ്യത്യസ്തത പുലർത്താൻ ശ്രമിക്കാറുണ്ട്. കുറേ കൊല്ലം കഴിഞ്ഞു തുടങ്ങിയ ഹോബി ആയത് കൊണ്ട് പഴയ വർക്കുകൾ ഒന്നും കൈയ്യിൽ ഇല്ല . കൂടുതൽ പഠിക്കാൻ പോകണം എന്ന് ആഗ്രഹം ഉണ്ടെങ്കിലും ബാങ്ക് ജോലിയുടെ തിരക്ക് കാരണം സമയം കിട്ടാറില്ല. അതുകൊണ്ട് പഠനം യൂട്യൂബ് നോക്കി ആണ്"- ശ്രേയസിന്റെ ഈ വാക്കുകൾ അനേകം പേർക്ക് പ്രചോദനമാവട്ടെ.

ശ്രേയസിന്റെ ചിത്രരചനാഭിരുചി കണ്ടറിഞ്ഞ ബാങ്ക് അതിന്റെ ഹൗസ് മാഗസിനായ "CSB Time Edition' ൽ താൻ വരച്ച ചിത്രം ഈയടുത്തകാലത്തു പ്രസിദ്ധീകരിച്ചതിന്റെ ആഹ്ലാദം ശ്രേയസ് അഭിമാനപൂർവം പങ്കു വയ്ക്കുന്നു.
സി. എസ്. ബി ബാങ്ക് ചെന്നൈ കോർ ബാങ്കിംഗ് ഡിപ്പാർട്ടുമെന്റിൽ മാനേജർ ആയി ജോലി നോക്കുന്ന പാലക്കാട് സ്വദേശിനി സംഗീതയാണ് ശ്രേയസിന്റെ ജീവിത പങ്കാളി. ഒരേ ബാച്ച്മേറ്റ്സാണ് ഇരുവരും. ഏക മകൾ അൻവിത നാലാം ക്ലാസിൽ പഠിക്കുന്നു. ടീബിയുടെ ചിത്രകലാ പ്രതിഭകളുടെ സമ്പന്നനിരയിലേക്ക് കടന്നു വരുന്ന ശ്രേയസിന്റെ ഉജ്വലമായ സർഗവാസനാ സമർപ്പണം ഏവർക്കും പ്രചോദനമാകട്ടെ. ആശംസകളോടെ, ടാലന്റഡ് ബാങ്കേഴ്സ്❤️🌹

-------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

-------------------------------------------------------------------------------------------

The sheer source of strength of the Talented Bankers (TB) fraternity has always been the strong and deep bond of friendship and simplicity woven through its strong fabric. This week's edition opens underscoring that very essence.

Following the vibrant and colourful Thrissur–Palakkad TB Chapter Meet, this new edition of Talented Banker of the Week, blossoming like a fresh petal, carries forward the spirit of TB to greater heights. With joy and pride, we present before you…

Shreyas Damodaran
Zonal Nodal Officer
CSB Bank
Head Office, Thrissur

Born in Mumbai as the younger of the two children to the late C. P. Damodaran Nair, a native of Thalassery who worked in a private firm there, and Mrs. Renuka, a homemaker, Shreyas spent his early childhood in Mumbai. His elder sister Shruthi now resides with her family in Thalassery. Shreyas completed his studies up to the fourth grade in Mumbai. As per his father's wish that their children be educated in their native place, he continued his schooling in Thalassery from the fifth grade through higher secondary at the Government Brennen Higher Secondary School, and later graduated from the Government Brennen College, Thalassery. He did his graduation in Physics in 2006.

He also faced the sudden demise of his father in the same year. After graduation, Shreyas began his career with ICICI Prudential and Birla Sun Life Insurance, before joining the Thrissur-based Catholic Syrian Bank as a Probationary Officer. He went on to serve at CSB branches in Vadakara, Kalpakanchery, Kalyassery, Kanhangad, Mysore Main, and Bangalore City, later becoming the Zonal Nodal Officer for various South Indian states. From November last year, he has been serving as the Nodal Officer for the North Kerala Zones at the Thrissur Head Office.

Shreyas's journey with TB began during the COVID-19 period, when his witty posts in the TB troll group drew wide attention and appreciation. This helped him forge a rich circle of friendships, something he fondly acknowledges even today. By the time he attended the 2023 TB Meet at Kozhikode, he had already become a beloved member of TB. There, he also took part in the mega skit that turned out to be a massive hit. Later, at the Kottayam meet, he easily blended into the enthusiastic "Ee.Nja.Po (Ithu Njanga Polikkum)" cheer group, and became an admirer of the warmth that our TB nurtures.

At our Thiruvananthapuram meet, he participated in a mega dance event, rekindling in him the artistic instincts and camaraderie of his student life. TB's affectionate community also succeeded in reigniting memories of his skills in cartooning and pencil sketching competitions during his school and college days. He reminisces that NCC had been the defining aspect of his college life.

In Shreyas's own words:

"After living in different places as part of my work and finally getting transferred back home, I used the opportunity to tidy up the house. That is when I stumbled upon the old certificates I had received for cartooning and sketching during my school days. Seeing them inspired me to get back into drawing. For fun, I posted pictures of those certificates in a WhatsApp group of my close friends — and promptly got strict instructions from them to

practise daily. I could not ignore the words of these friends who have stood by me during the different phases of my life.

Mridula Murali, TB Thrissur Chapter's gifted photographer, saw my drawings and gave me constant encouragement. It was a comeback after eighteen years, so I knew it wouldn't be perfect. But the friendships formed in TB during COVID truly reawakened something long lost and forgotten.

When I started posting my drawings on the TB platform, I received many positive feedback and suggestions. It was only when my pictures made entry into the social media that even my close relatives and friends came to know that I could draw! Each time I choose a subject to draw, I try to make it somehow different from the previous one. Since it is a hobby resumed after years, unfortunately I have none of my old works with me. I would love to pursue formal learning, but with the time constraints due to work, I am unable to focus on such learning. So, for now, YouTube is my teacher." May these words impart encouragement to many out there.

In recognition of his exemplary contribution and creative pursuits, Shreyas was recently featured in the "CSB Time Edition," the house magazine of CSB Bank, where one of his artworks was published — an achievement he shares with pride and joy.

Shreyas's wife Sangeetha, a Palakkad native, works as a Manager in the Core Banking Department of CSB Bank, Chennai. They are batchmates. Their daughter Anvitha is in the fourth grade.

As Shreyas enters our TB's vibrant circle of artistic talents, may his dedication to creativity continue to inspire all around him.

Talented Bankers wishes you all the very best, as you conquer heights.